LIBRARY ARCHIVES Kerala Legislative Assembly

വൈക്കം മണ്ഡലത്തിലെ കെ.എസ്.ഇ.ബി.-യുടെ മഴക്കാലത്തിനുമുമ്പുള്ള അറ്റകുറ്റപ്പണികൾ

43 (7879) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ മഴക്കാലത്തിന് മുമ്പുള്ള കെ.എസ്.ഇ.ബി.-യുടെ ട്രിമ്മിംഗ്സ് നീക്കുന്ന ജോലികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പൂർത്തിയാക്കാത്ത സെക്ഷനുകളുണ്ടെങ്കിൽ അവ ഏതൊക്കെയെന്നും ഇനിയും ജോലികൾ തുടങ്ങാത്ത സെക്ഷനുകളുണ്ടെങ്കിൽ അവ ഏതെല്ലാമെന്നും കാരണമെന്തെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 11 കെ.വി. ലൈനുകളുടെ ട്രിമ്മിംഗ് നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. എൽ.റ്റി. ലൈനുകളുടെ ട്രിമ്മിംഗ് നീക്കം ചെയ്യുന്ന പ്രവൃത്തി ചില സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്.

(ബി) വൈക്കം, തലയാഴം, ചെമ്പ്, തലയോലപറമ്പ് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് എൽ.റ്റി. ലൈനുകളുടെ ട്രിമ്മിംഗ് നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ടായിരുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിലെ വേനൽമഴയും അതിനെത്തുടർന്നുണ്ടായ നാശനഷ്ടങ്ങളും കാരണമാണ് പ്രസ്തുത പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. പ്രസ്തുത പ്രവൃത്തികൾ തുടങ്ങാത്ത ഇലക്ട്രിക്കൽ സെക്ഷനുകൾ ഇല്ല.

കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി

44 (7880) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) മൈസൂർ-അരീക്കോട് 400 കെ.വി. ലൈനിന്റെ പണി എപ്പോൾ പൂർത്തിയാക്കാനാകും ; പുത്തൂർ-മൈലാട്ടി 220 കെ.വി. ലൈനിന്റെ പണി എപ്പോൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;